


ലിറ്റിൽ കൈറ്റ്സ് 2018 -19


നവകൈയ്യൊപ്പ്



# ST.GEMMA GALGANI


## The gem of christ

# OUR SCHOOL




# Our headmistress

**SR. LOOSY .K.V**



## നവകൈയ്യൊപ്പ്


സാങ്കേതിക വിദ്യ
പഠിച്ച് പുതിയ
വിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള
ശ്രമത്തിലാണ്
ലിറ്റിൽ കൈറ്റ്സ്.ഞങ്ങളുടെ ആദ്യ ഫലമാണ്
"നവ കയ്യൊപ്പുകൾ "
എന്ന ഈ മാഗസിൻ. പരിമിതികൾ ഏറെയുണ്ട്.
കുറവുകൾ നിരവധി.എങ്കിലും
കൂട്ടായ്മയുടെ, വീണുകിട്ടിയ നിമിഷങ്ങൾ,
ഉപയോഗിച്ചതിന്റെ ഫലമാണ് "നവ കയ്യൊപ്പ് "
ഇതിനായി ഞങ്ങളെ
പ്രോത്സാഹിപ്പിച്ച ഗുരുഭൂതർക്കും,
മാതാപിതാക്കൾക്കുമായി ഈ
മാഗസിൻ സമർപ്പിക്കുന്നു....
എന്ന്
ലിറ്റിൽ
കൈറ്റ്സ്

നവകൈയ്യൊപ്പ്




## <u>ഹെഡ്മിസ്ട്രസ്സ്</u>

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ യുവതലമുറ ശാസ്ത്ര സാങ്കേതിക മേഖലയിൽ വിത്തുമുളപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതിലേക്ക് ഒരു കുഞ്ഞുവിത്തുമായി പാറിവരുന്ന സെന്റ്.ജെമ്മാസിലെ ലിറ്റിൽ കൈറ്റ്സിനും, അവർ തയ്യാറാക്കിയ, ചരിത്രത്തിലെ ഒരു താളിലെങ്കിലും ഇടം പിടിക്കാൻ കഴിവുള്ള നവകൈയ്യൊപ്പ് എന്ന മാഗസിനും  എല്ലാ ഭാവുകങ്ങളും നേരുന്നു,

സ്നേഹമോടെ......

സിസ്റ്റർ ലൂസീന

**ഹെഡ്മിസ്ട്രസ്സ്**



**നവകൈയ്യൊപ്പ്**



പ്രിയമുള്ളവരെ ,

കാലം റോക്കറ്റ് വേഗതയിൽ

ഓടികൊണ്ടിരിക്കുകയാണ്

നിമിഷം നേരം കൊണ്ടാണ് വിവരസാങ്കേതിക വിദ്യകൾ

പുതിയ പുതിയ കണ്ടു പിടിത്തങ്ങൾ നടത്തുന്നു .

വിരൽ തുമ്പിൽ ലോകം ചലിക്കുന്നു .

ഇക്കാലത്ത് ഇതിനൊപ്പം ചലിച്ചാലെ നമുക്ക് വിജയിക്കാനാകൂ


. നമ്മുടെ സ്കൂളിലെ കുട്ടികൾ "ഇ മാഡഗസിൻ" ഇറക്കുന്ന

വിവരം അറിഞ്ഞതിൽ സന്തോഷിക്കുന്നു .

" ഇ മാഗസിന് "എല്ലാവിധ ആശംസകളും നേരുന്നു

എല്ലാവർക്കും നന്മ വരട്ടെ.

**എന്ന് ഹാരിസ് ആമിയൻ**



നവകൈയ്യൊപ്പ്



സ്കൂൾ  ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരു മാഗസിൻ തയ്യാറാക്കുന്നുവെന്ന് അറിഞ്ഞു. വളരെ സന്തോഷം.നിങ്ങളുടെ വിവരസാങ്കേതികവിദ്യാരംഗത്തെ അറിവുകൾ ഫലപ്രദമായി പ്രയോഗപ്പെടുത്തുക.ഓരോ സൃഷ്ടിയുടേയും പിറകിൽ ഒരു സന്ദേശമുണ്ടാവാൻ ശ്രദ്ധിക്കുക. ഏത് സങ്കേതത്തിൻെറ സൗകര്യങ്ങൾ നാം പ്രയോജനപ്പെടുത്തുന്നുണ്ടെങ്കിലും നമ്മുടെ പാദങ്ങൾ മണ്ണിലുറച്ചുനിൽക്കുന്നതാണ്. മനുഷ്യനേയും മറ്റ സഹജീവികളേയും മറന്നുള്ള ഒരു സൃഷ്ടിയും കാലാതിവർത്തിയായി നിലനിൽക്കില്ല. അതിനാൽ  നിങ്ങളുടെ സൃഷ്ടികൾക്ക് മണ്ണിന്റെയും മനുഷ്യന്റെയും ഗന്ധമുണ്ടാവട്ടെ.ആശംസ നേരുന്നു....അതിരുകളില്ലാത്ത ആനന്ദത്തോടെ.

**ശശി മാസ്റ്റർ.**



ആധുനിക ലോകം

വിവരവിനിമയസാങ്കേതികവിദ്യയുടെ

സഹായത്താൽ സമസ്തമേഖലകളിലും

മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കുകയാണ്.

യുവതലമുറയിൽ തന്നെ ഇതിന്റെ വിത്തുകൾ പാകേണ്ടതാണ്. ഇത് വികസനത്തിലേക്കുള്ള ഒരു പടിയായി എണ്ണപ്പെട്ടു കഴിഞ്ഞു. ഈയൊരവസരത്തിൽ ഞങ്ങളുടെ സ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് നിർമിച്ച " നവ കൈയൊപ്പ് " എന്ന് പേരിട്ട ഡിജിറ്റൽ മാഗസിന് എന്റെ എല്ലാ വിധ ആശംസകളും നേരുന്നു.

***ഷാദിയാ.പി (സ്കൂൾ ലീഡർ).***



പ്രിയപെട്ടവരേ ,

പുതുതായി തുടങ്ങിയ ലിറ്റിൽ കൈറ്റ്സ് "നവകൈയ്യൊപ്പ് "എന്ന പേരിൽ ഒരു മാഗസിൻ നിർമ്മിക്കുന്നത്തിൽ സന്തോഷിക്കുന്നു .നന്മകൾ നേരുന്നു . എന്ന്

ഗൗദം കൃഷ്ണ. കെ

(സ്കൂൾ അസിസ്റ്റന്റ് ലീഡർ )



വിവര സാങ്കേതിക വിദ്യ വളരെ അധികം പ്രസക്തിയാർജ്ജിച്ചുവരുന്ന ദിനങ്ങളിലൂടെയാണ് നാം സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ലിറ്റിൽ കൈറ്റ്സ് എന്ന കൂട്ടായ്മയിലൂടെ ഞങ്ങളുടെ വിദ്യാലയം ഈ രംഗത്ത് സജിവ പ്രവർത്തനങ്ങൾ നടത്തുന്നതിൽ വളരെ സന്തോഷം.ലിറ്റിൽ കൈറ്റ്സ് നിർമിച്ച "നവകൈയ്യൊപ്പ്" മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

എന്ന്,

ഫാത്തിമ മിൻഹ
(സാംസ്കാരിക വകുപ്പ് മന്ത്രി)

നവകൈയ്യൊപ്പ്



സ്വർണം തിളക്കമുള്ളതും
ശോഭയേറിയതുമായിമാറുന്നത്,
ഖനിയിൽനിന്നുമെടുത്ത് വേർതിരിച്ച്
പലവിധ  പ്രവർത്തനങ്ങളിലൂടെ
കടന്നുപോയാണ്. ഉരച്ചും മാറ്റുകൂട്ടിയും
പലവിധ പ്രവർത്തനങ്ങളിലൂടെ
ശോഭിക്കുന്നവരാകുവാൻ, കുട്ടികളെ അതിനായി പ്രാപ്തരാക്കാൻ,
സെന്റ് ജെമ്മാസിന്റെ മടിതട്ടിലൂടെ കടന്നുപോയാൽ മതി. പ്രകൃതി
സൗഹൃദ പ്രവർത്തനങ്ങളിലൂടെ  സമൂഹത്തിലെ ഉന്നതരാകുവാൻ
സഹായിക്കുന്ന സെന്റ് ജെമ്മാസ് എന്ന വിദ്യാലയത്തിലെ എന്റെ
കൂട്ടുകാർ തയ്യാറാക്കുന്ന ഈ മാഗസിൻ വിജയകരമാവട്ടെയെന്നും
സ്കൂളിന്റെ പുരോഗമനം എന്നും രേഖപ്പെടുത്തുവാൻ നിങ്ങൾക്ക്
സാധിക്കട്ടെയെന്നും ഞാൻ ആശംസിക്കുന്നു.

എന്ന്,

ആൻവിയ ഷിജു

**ആരോഗ്യമന്ത്രി**


# ആദരാഞ്ജലികൾ



ഈ ഓർമ്മയ്ക്കു മുന്നിൽ ഞങ്ങൾ നമിക്കുന്നു

# ജനുവരി 19

## സുൽത്താൻ ജന്മദിനം



നവകൈയ്യൊപ്പ്

# .ഉള്ളടക്കം.


| SI.NO | പ്രവൃത്തി. |
|---|---|
| 1 | കേരളം |
| 2 | ആയുധം |
| 3 | സുന്ദരിയും മന്ദാരപ്പൂവും |
| 4 | സുന്ദരിയും പൂമ്പാറ്റയും |
| 5 | അടിപൊളി |
| 6 | അമ്മ |
| 7 | അമ്മയുടെ കൈകളാൽ |
| 8 | ആരാണ് നീ..? |
| 9 | ആർദ്രാനുരാഗത്തിനായി വീർപ്പ |






നവകൈയ്യൊപ്പ്

| | | |
|---|---|---|
| | മുട്ടുന്നുവോ നീ | |
| 10 | മുത്തശ്ശി | |
| 11 | ഇന്നലെ പെയ്ത മഴ | |
| 12 | പാവയ്ക്ക | |
| 13 | കണ്ണീർമഴ | |
| 14 | ഗുരു | |
| 15 | ചങ്ങാതി | |
| 16 | ദുഷ്ടനായ മകൻ | |
| 17 | നവനീത പുഷ്പങ്ങൾ | |
| 18 | വിദ്യാലയം | |
| 19 | പണ്ടത്തെ പാട്ടുകൾ | |
| 20 | പാവം അമ്മു തത്ത | |
| 21 | പുതു തീരങ്ങൾ | |
| 22 | പ്രളയം | |





നവകൈയ്യൊപ്പ്

| | | |
|---|---|---|
| 23 | പ്രളയം | |
| 24 | ഭയങ്കരം | |
| 25 | പ്രളയ വേദന | |
| 26 | മരണത്തിന്റെ<br>മുന്നിലെ വെളിച്ചം | |
| 27 | മഴ | |
| 28 | ലഹരിയുടെ<br>അടിമകൾ | |
| 29 | വിഹായസ്സ് | |
| 30 | സുഹൃത്ത് ബന്ധം | |
| 31 | സൗഹൃദം | |
| 32 | സൗഹൃദം<br>ആദ്യപാഠം | |
| 33 | ഒത്തൊരുമ | |
| 34 | രാത്രിയിലെ മൂങ്ങ | |







| | | |
|---|---|---|
| 35 | സാഹിത്യ സുൽത്താനെ ഓർമിക്കുമ്പോൾ. | |
| 36 | കണ്ണുനീർ മഴ | |
| 37 | വേപ്പിലകളിൽ കാറ്റ് | |

| | | |
|---|---|---|
| 38 | The poor ghost | |
| 39 | **The frog** | |
| 40 | The highway man | |

# -EDITORIAL BOARD-

**CHIEF EDITOR: SR.LOOSY K.V**

**STAFF EDITOR: .DEEPTHI .P**

**STUDENT EDITOR: MINNAH FATHIMA**

**EDITORS:**

- ***ANDREA SHAJU***
- ***ANSHIDA .K***
- ***MINNAH FATHIMA***
- ***ANJALI K . C***
- ***NAYANA S.M***
- ***SARIKA HARIDAS***
- ***RIDHA .N***
- ***SREYA.M***
- ***RIYA NOURIN***
- ***LIYA SAJEER***
- ***SNIGDHA PARVATHY***
- ***SRADHA PARVATHY***
- ***JESTEENA JAISON***
- ***MUBEENA T . K***
- ***MUNEERA T. K***
- ***ISHA ANGEL JOSHY***

നവകൈയ്യൊപ്പ്

- ***ANUSREE***
- ***VISHNUPRIYA***
- ***FATHIMA HANNA . K.K***

**..............................XXXXXXXXXXXXXXX...........................**

നവകൈയ്യൊപ്പ്

# കേരളം

ഭാഷാ , സംസ്കാരം എന്നിവ കൊണ്ട് വൈവിധ്യം പുലർത്തുന്ന നാടാണ് കേരളം.



ഹിന്ദി,തമിഴ്,മലയാളം തുടങ്ങി പലതരം ഭാഷകൾ,കഥകളി, കുച്ചുപ്പുടി,മോഹനിയാട്ടം ഒപ്പന,ചവിട്ടുനാടകം ഭരതനാട്യം,സംഘനൃത്തം,നടോടിനൃത്തം,തുടങ്ങി പല തരം കലകൾ .കേരളം എന്ന പേരുവരാൻ കാരണം കൂടതലും കേര വൃക്ഷങ്ങൾ ഉള്ളതിനാലാണ്.വിശുദ്ധിയും പ്രകൃതിയുടെയും മണവും മമതയും ഇവിടുത്തെ സവിശേഷതയാണ്.കേരളത്തിന്റെ മുഖച്ഛായ അനുദിനം മാറികൊണ്ടിരിക്കുകയാണ്.കേരളത്തിന്റെ ഭംഗിയും പച്ചപ്പും നഷ്ടമായികൊണ്ടിരിക്കുകയാണ്.കൃഷിയും മണ്ണും ഇഴചേർന്ന് ജീവിച്ച മലയാളികൾക്ക് മണ്ണിന്റെ ഗന്ധം അസഹ്യമായിതുടങ്ങി. ആധുനിക സാങ്കേതിക

നവകൈയ്യൊപ്പ്

വിദ്യകളോടുകൂടി സുഖസൗകര്യങ്ങൾ അനുഭവിച്ച് ജീവിക്കാൻ ശീലിച്ചവരായി മലയാളികൾ മാറി. മണ്ണിന്റെയും കർഷകൻെറയും ഗന്ധം അന്യമായിതുടങ്ങിയതോടെ കേരളത്തിന്റെ  ഭക്ഷണം അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചാണ്.ജലവും മണ്ണും വായും മലിനമാവുകയും ഉപയോഗശൂന്യമായിത്തീരുകയും ചെയ്യുന്നു.

കേരളത്തിന് മറക്കാൻ പറ്റാത്ത ഒരു അനുഭവമാണ് പ്രളയം.നിപ്പവൈറസ് കഴിഞ്ഞ മറ്റൊരു ദുരിതം .കഷ്ടപ്പാടിലേക്കാണ് കേരളംനീങ്ങികൊണ്ടിരിക്കുന്നത്. കേരളത്തെ സംരക്ഷിക്കാനായ് നാം പരിശ്രമിക്കേണ്ടതുണ്ട്. പ്രകൃതിയെ സ്നേഹിച്ച്, ഭാഷയെ സംരക്ഷിച്ച്, പൈതൃകസ്വത്തിനെ കാത്തുസൂക്ഷിച്ച് ചുറ്റുമുള്ളവർക്ക് നന്മ ചെയ്തുകൊണ്ട് ഒരു മഹനീയ സംസ്ക്കാരത്തെ രൂപപ്പെടുത്തിയെടുക്കാൻ നമുക്ക് ശ്രമിക്കാം.

നവകൈയ്യൊപ്പ്

## ആയുധം

മഴനൂൽ പൊട്ടുകൾ ജാലകത്തിലൂടെ കാറ്റിനൊപ്പം വന്ന്

ബസിനകമൊന്നാകെ കുതിർത്തു.

സീറ്റിലിരിക്കുന്നവരും കമ്പിയിൽ വവ്വാലുകളായ വരും

മഴയെക്കുറിച്ച് ചറപറ പറയുന്നു.

വാർത്ത പെട്ടികളിലും മഴക്കെടുതി ചർച്ചയായി പെയ്യുന്നുണ്ടത്രെ.

റോഡിൽ തളംകെട്ടിയ മഴവെള്ളം പശ്ചാതലമാക്കി

സെൽഫിക്ക് പോസ് ചെയ്ത്

സ്ക്കൂൾ കുട്ടികൾ.പിന്നെ വെള്ളം ചവിട്ടാതെ ബസിൽ കയറി


തണുത്തു വിറച്ച് കലപില

കൂട്ടുന്ന കുട്ടികളുടെ ബാഗിലും മുടിയിലുമൊക്കെ മഴതുള്ളി

ഒട്ടിപിടിച്ചിട്ടുണ്ട്. ടിക്കറ്റ്.... ടിക്കറ്റെന്നും പറഞ്ഞ് കണ്ടക്ടർ

കൂട്ടിലകപ്പെട്ട എലിയെപ്പോലെ പല ദിശയിലെക്കും

കൈകൾ നീട്ടി.



ആളിറങ്ങാനുണ്ട്

.മഴയൊച്ചയിലും

നവകൈയ്യൊപ്പ്

കൈയിലുള്ളത്.കണ്ടക്ടർ അതു കേട്ടു.ഒറ്റബെല്ലിന്റെ കിരുകിരുപ്പിൽ ബസ് നിന്നു.ബസിറങ്ങുമ്പോൾ മഴ അൽപ്പം നേർത്തിരുന്നു.പക്ഷെ ആകാശം കരുവാളിച്ചു തന്നെ നിന്നു.കൺപോള തഴുകി ഈൗർപ്പമുള്ളൊരു കാറ്റ്.ഡോറിന്റെ അരികിലുള്ള കമ്പി പിടിച്ച് പുറത്തേക്ക് തൂങ്ങി കിളി പുവ്വാ....

.................................................................

നവകൈയ്യൊപ്പ്

# സുന്ദരിയും മന്ദാരപ്പൂവും

മന്ദാരപ്പൂവിന്റെ ചില്ലകൾ തോറും

പാറിക്കളിക്കുന്ന സുന്ദരിയേ ......

മഞ്ഞണിപ്പട്ടിന്റെ ചേലയും ചുറ്റി നീ -

സിന്ദൂരച്ചെപ്പുമായ്

പോകയാണോ ?

ചന്ദനം തൊട്ട നെറ്റിയിൽ

ഞാനൊരു .......



സിന്ദൂരപ്പൊട്ടൊന്നു

ചാർത്തീടട്ടെ ...

മന്ദമേൽ ചാരത്തണയുമ്പോൾ നീ -

ആനന്ദക്കണ്ണീർ പൊഴിച്ചീടുന്നു.

.................................................................................

നവകൈയ്യൊപ്പ്

# സുന്ദരിയും പൂമ്പാറ്റയും

”എങ്ങനെയും കുടുതൽ സുന്ദരിയാകണം.....!”അതു മാത്രമാണ് നതാലിയയുടെ ചിന്ത.

മോളെ നീ ഇപ്പോൾ തന്നെ സുന്ദരിയാണ്.പിന്നെന്തിനാ എപ്പോഴുമിങ്ങനെ അണിഞ്ഞൊരുങ്ങുന്നത്?”

അമ്മചോദിക്കും. അതൊന്നും നതാലിയ കാര്യമാക്കില്ല.

ഒരു ദിവസം വൈകുന്നേരം ഒരൂ വലിയ ചിത്രശലഭം നതാലിയയുടെ മുറിയിലേക്ക് പറന്നുവന്നു.

ഹായ് ,എന്തു ഭംഗിയാ. അവൾ ആ ചിത്രശലഭത്തെ പിടിച്ചു.

"അയ്യോ എന്നെ വെറുതെ വിടണേ".ഏേ സംസാരിക്കുന്ന പൂമ്പാറ്റയോ... നതാലിക്ക് അത്ഭുതമായി.

നതാലി പറഞ്ഞു"നിന്നെ ഞാൻ വെറുതെ വിടാം പക്ഷേ നീ എങ്ങനെയാണ് ഇത്ര സുന്ദരിയായത്?.

നിന്നെപ്പോലെ എനിക്കും സുന്ദരിയാവണം.പൂമ്പാറ്റ പറഞ്ഞു " നീ അല്ലെങ്കിലും സുന്ദരിയാണല്ലോ

എങ്കിലും ഞാൻ പറഞ്ഞു തരാം. ഞങ്ങളുടെ തോട്ടത്തിൽ ഒരു കുളമുണ്ട് അതിൽ ഒരു തവണ മുങ്ങിയാൽ നിനക്ക് സ്വർണ്ണ നിറം കിട്ടും. പക്ഷേ ശ്രദ്ധിക്കുക ഒരു തവണയിൽ കൂടുതൽ തവണ മുങ്ങരുത്. എന്നാൽ നീ എന്നെ ഒരു കയർ ഇട്ട് പിടിച്ചോ. ഞാൻ നിന്നെ അവിടെ എത്തിക്കാം.” ഇങ്ങനെ പറഞ്ഞുകൊണ്ട് പൂമ്പാറ്റ അവളെ അവിടെ എത്തിച്ചു. നതാലി ഒറ്റ ചാട്ടത്തിൽ കുളത്തിൽ മുങ്ങി എന്നിട്ട് പൊന്തി. അപ്പോൾ അവളുടെ ശരീരം സ്വർണ്ണനിറമായി മാറി. നതാലിക്ക് സന്തോഷമായി. അവൾ പറഞ്ഞു "ഹായ് ഒരു പ്രാവശ്യം മുങ്ങിയപ്പോൾ എനിക്ക് സ്വർണ്ണനിറം കിട്ടി എന്നാൽ കുറച്ചു പ്രാവശ്യം കൂടിമുങ്ങിയാൽ എന്നെ കാണാൻ എന്തു ഭംഗിയായിരിക്കും".”അയ്യോ അങ്ങനെ ചെയ്യരുതെ" പൂമ്പാറ്റ അലറി പറഞ്ഞു. നതാലി അതു കേട്ടില്ല അവൾ പത്തു തവണ മുങ്ങിപൊന്തി. പത്താമതെ തവണ

നവകൈയ്യൊപ്പ്

മുങ്ങിപൊന്തിയപ്പോഴെക്കും അവൾ ഒരു സ്വർണ്ണ മത്സ്യമായി മാറിയിരുന്നു. നതാലി കരയാൻ തുടങ്ങി. “അയ്യോ എനിക്ക് എന്റെ പഴയ രൂപം വേണം " എന്നാൽ ഇനിയൊരിക്കലും നതാലിക്ക് അവളുടെ രൂപം തിരിച്ചു കിട്ടില്ല എന്ന് പൂമ്പാറ്റ അവളെ അറിയിച്ചു. അവളുടെ സങ്കടം കണ്ട പൂമ്പാറ്റ അവൾ അവളുടെ വീട്ടിൽ സ്വർണ്ണ മത്സ്യമായി വാഴട്ടെ എന്ന് അനുഗ്രഹിച്ചു.



- സ്നേഹാ.പി

## അടിപൊളി

ചിന്തയിലാണ്ടിരിക്കുന്ന പേരക്കിടാവിനെ കണ്ടപ്പോൾ മുത്തച്ഛന് വലിയ സങ്കടവും കുറ്റബോധവും തോന്നി. അയാളുടെ മനസ്സ് പറഞ്ഞു: കുഞ്ഞുമനസ്സിനെ വിഷമിപ്പിച്ചത് തെറ്റായിപ്പോയി.എനിക്കു വയസ്സു കാലത്തും ഗൾഫുകാരനായ മകന് യവ്വനകാലത്തും കിട്ടിയ ജീവിത സുഖം. പേരക്കിടാവിനെ ജനനം തൊട്ടേ കിട്ടി.ഇല്ലായ്മയും പട്ടിണിയൊന്നും അവനറിഞ്ഞില്ല.ഇത് തന്നെ ലോകമെന്ന മട്ടിൽ അവൻ സംസാരിക്കുവാനും പ്രവർത്തിക്കുവാനും തുടങ്ങി.വിശപ്പ് അടക്കാൻ ഭക്ഷണം കിട്ടാത്തവരും ഉടുതുണിക്ക് മറുതുണി ഇല്ലാത്തവരും അന്തിയുറങ്ങാൻ വീടില്ലാത്തവരും നമ്മുടെ ഇടയിലുണ്ടെന്ന് അവനെ ബോധ്യപ്പെടുത്തണം എന്ന് ഞാൻ ചിന്തിച്ചു.ഇതിനായി അവനെയും കൊണ്ട് നാടു ചുറ്റി.പാവം, ദുഃഖകരമായ കാഴ്ചകൾ കണ്ട് അവന്റെ മനസ്സിന് മുറിവേറ്റു.അവന്റെ

നവകൈയ്യൊപ്പ്

സന്തോഷകരമായ ജീവിതയാത്രാവഴിയിൽ ഞാൻ കുപ്പിച്ചില്ലുകൾ വാരി വിതറിയിട്ടു...സങ്കടം സഹിക്കവയ്യാതെ ഏറെ വിഷമത്തോടെ അയാൾ പേരക്കിടാവിനോട് ചോദിച്ചു. മോനേ, കുട്ടനെന്താ ഒരു ചിന്ത?പിന്നേയ്, നമ്മൾ പോരുന്ന വഴിക്ക് ഒരു അടിപൊളി വീട് അച്ഛച്ഛൻ കണ്ടില്ലേ?അവിടെ കിടന്നിരുന്ന കാറ് അച്ഛച്ഛൻ കണ്ടിരുന്നോ?ഒരു പഴഞ്ചൻ മാരുതി.അടിപൊളി വീടിന് അടിപൊളി കാറും വേണ്ടേ അച്ഛച്ഛാ?

..............................................................................

നവകൈയ്യൊപ്പ്

# അമ്മ

അമ്മ തന്ന സ്നേഹം

ഭൂമിയെ പോലെ...

ദൈവത്തെ പോലെ...

അറിയില്ല എങ്ങനെ വിവരിക്കണമെന്ന്

ഒരു വാക്കുകൾ കൊണ്ടും

വിവരിക്കാൻ കഴിയാത്ത

മഹാ പ്രപഞ്ചം....

അമ്മ തന്ന ചുംബനം

പാൽ പൊലെ വെളുത്തത്

തേൻ പൊലെ മധുരിച്ചത്



നവകൈയ്യൊപ്പ്

അമ്മ അമ്മ എന്ന

മധുരിച്ച പദത്തിനർത്ഥം

ഒന്നു മാത്രം ദൈവം......

മഹാ പ്രപഞ്ചം....

അമ്മ തന്ന ചുംബനം

പാൽ പൊലെ വെളുത്തത്

തേൻ പൊലെ മധുരിച്ചത്

അമ്മ അമ്മ എന്ന

മധുരിച്ച പദത്തിനർത്ഥം

ഒന്നു മാത്രം ദൈവം......

ഗായത്രി . കൃഷ്ണ

നവകൈയ്യൊപ്പ്

# അമ്മയുടെ കൈകളാൽ

അമ്മ അമ്മ എനിക്ക് നീ മാത്രം

അമ്മ നീ എന്നെ കൈപിടിച്ചു

ആ കൈ ഇന്നു വരെ വിട്ടിട്ടില്ല.

നീ എന്നെ എഴുതാൻ പഠിപ്പിച്ചു,

നീ എന്നെ വായിക്കാൻ പഠിപ്പിച്ചു,

നീ എന്നെ സ്നേഹിക്കാൻ പഠിപ്പിച്ചു,

നീ എന്നെ ജീവിക്കാൻ

പഠിപ്പിച്ചു.

നീ എനിക്ക്

ധൈര്യം പകർന്നു.



അമ്മ നിങ്ങളോടൊപ്പം

എന്നും എന്നും നിൽക്കാൻ എനിക്ക്

ഇഷ്ടം........പിന്നെ....പിന്നെ എന്തിന് നീ

നവകൈയ്യൊപ്പ്

എന്നെ മറ്റൊരു ഗൃഹത്തിലേക്ക് അയച്ചു.

നിന്നോടൊപ്പം ഇരിക്കാനാണ്

അമ്മേ എനിക്ക് ഇഷ്ടം.

പക്ഷേ ,ഈ നാട്ടിലെ ആചാരങ്ങൾ

എന്നെ മറ്റൊരു ഗൃഹത്തിലേക്ക് കൊണ്ടു പോകുന്നു.

അന്നു നീ പിടിച്ച കൈ

ഇന്ന് മറ്റൊരാൾക്ക് കൊടുക്കുന്നു.....

ആ കൈ എന്നും എന്നെ സംരക്ഷിക്കും

എന്ന് എനിക്ക് ഉറപ്പുണ്ട്.

ആ കൈയ്യിൽ ഞാൻ ഇരിക്കും

എങ്കിലും അമ്മയുടെ കൈ ,അമ്മയുടെ സ്നേഹം

അതാണ് എന്നെ ഇന്ന് മറ്റൊരാളെ

സ്നേഹിക്കാൻ പഠിപ്പിച്ചത്...

നന്ദി..... നന്ദി..... നന്ദി............

*ഗായത്രി.*

നവകൈരളി

# ആരാണ് നീ.......?

ഭൂമിയെ പുതയ്ക്കുന്നു നീ

ഭൂമിയെ സംരക്ഷിക്കുന്നു നീ

ഭൂമിയെ ജീവനുള്ളതാക്കുന്നു നീ

ഭൂമിയിലെ ജീവജാലങ്ങളുടെ

നിലനിൽപ്പിന് കാരണവും നീ

മനുഷ്യരുടെ അഹങ്കാരം ജീവനോടെ

നിലനിൽക്കാൻ കാരണവും നീ

മനുഷ്യൻ ജീവനോടെ നിൽക്കുന്നതും

നീ കാരണം.........

നീ ആരെന്ന ചോദ്യത്തിന്

ഉത്തരവും നീ തന്നെ

നിന്റെ പച്ച നിറം ഭൂമിയെ

ഹരിതാപമാക്കുന്നു.........

നിന്റെ ഇലകൾ മണ്ണിനെ

ഫലഭൂയിഷ്ടമാക്കുന്നു....

**നവകൈയ്യൊപ്പ്**

നീ തന്ന ഫലങ്ങൾഎന്റെ വിശപ്പകറ്റുന്നു.

എന്റെ പ്രാർത്ഥന

നീ മരിക്കരുത് എന്ന് ....

കാരണം മനുഷ്യൻ നിന്നെ

ഇഞ്ചിഞ്ചായി കൊന്നുകൊണ്ടിരിക്കുന്നു...............

ഗായത്രി

.........................................................................................................................

# ആർദ്രാനുരാഗത്തിനായി വീർപ്പു മുട്ടുന്നുവോ നീ.....

നരകമാം ഈ ജീവിതത്തിൽ

ഞാൻ ഇനി എന്തിനു ജീവിച്ചിരിപ്പൂ...

“ഇനി എന്ത് "എന്ന ചോദ്യത്തിനു

ഞാനെന്തുത്തരമാണു നൽകേണ്ടത് ?

അറിയില്ല എത്ര നാൾ ഈ ഭൂമിയിൽ,

നിഗൂഢവശ്യതയാർന്ന ലോകത്തു

ഞാൻ ഏകയായതു പോലെ...

ജീവിത സാഹചര്യങ്ങളോടു

മല്ലടിച്ച് ഒടുവിൽ തീരാദുഃഖത്തിൽ...

കടന്നുപോയ വർണ്ണവിസ്മയങ്ങളുടെ

നനവുള്ള ഓർമകൾമാത്രം ഇന്നീ നെഞ്ചിൽ...

സഹായഹസ്തത്തിനായി ഒരായിരം

കൈകൾ ഉറ്റുനോക്കുമ്പോൾ ഒടുവിൽ ഇതാ

നിസ്സഹായാവസ്ഥാം ഞാനേകയായി

പ്രകൃതിതൻ രമ്യഭൂഭാഗഭംഗികൾ എന്നെ മാടിവിളിപ്പൂ...

എന്നാൽ എൻ പ്രപഞ്ചമേ

നിന്നോടടുത്തു ചേരാൻ എനിക്കാവില്ലല്ലോ...

എൻ പരിതാവസ്ഥക്കു കാരണം

നീ നൽകിയ മുറിവുകൾ.

അത് ഇന്നും എന്റെ മനസ്സിൽ

ആർദ്രാനുരാഗത്തിനായി കൊതിപ്പൂ.

ആർദ്ര.കെ

നവകൈയ്യൊപ്പ്

# മുത്തശ്ശി

കണ്ണുകാണില്ലെന്റെ മുത്തശ്ശിക്ക്
കാതുകേൾക്കില്ലെന്റെ മുത്തശ്ശിക്ക്
മുത്തപ്പൻ കാവിൽ വിളക്കുകാണാൻ
മുത്തശ്ശിക്കെന്നാലും പോയേപറ്റൂ....

കുത്തിപ്പിടിക്കാൻ
വടിയുണ്ടല്ലോ
കൂടെവന്നീടുവാൻ
ഞാനുണ്ടല്ലോ



മുത്തപ്പൻകാവിൽ വിളക്കുകാണാൻ
മുത്തശ്ശി നമ്മക്ക് പോകാമല്ലോ

..........................................................................

നവകൈയ്യൊപ്പ്

# ഇന്നലെ പെയ്ത മഴ

ആത്മാവിൽ വിരഹമുഹൂർത്തം

മിഴികൾ മേഘങ്ങളായ്

മൗനം ആഴിയായ്

ആത്മാവ് കടൽ പോൽ വിഷാദമാകും

ജലമായ് അലയടിച്ച്  അലയടിച്ച്

ഹൃദയമാവുന്ന കരയെ തഴുകി

തലോടി തലോടി നീങ്ങവേ

ഹൃദയം നൊമ്പരത്താൽ വിതുമ്പവേ



അതിൻ സ്വരം മേഘങ്ങളെ

ഏറെ വിരഹാർദ്രമാക്കി

അതാണെൻ ആത്മാവിൽ

ഇന്നലെ പെയ്ത മഴ

ഇന്നും ഞാനാ മഴതൻ കുളിരിൽ

തേങ്ങുന്നു..........

ആമിന റിഷ്ഫ

# പാവയ്ക്ക

പാടത്തിൻ കര നീളെ നീല നിറമായ്
വേലിക്കൊരാഘോഷമായ്
ആടിത്തൂങ്ങിയലഞ്ഞുലഞ്ഞു സുകൃതം
കൈകൊണ്ടുനിൽക്കും വിധൗ
വാടാതെ വരികെൻ്റെ കൈയിലധുനാ
പീയൂഷഡംഭത്തെയും
ഭേദിച്ചൻപൊടു കയ്പവല്ലി തരസാ
പെറ്റുള്ള പൈതങ്ങളേ!



ചേലപ്പറമ്പു നമ്പൂതിരി.

..................................................

# ഗുണനിഷ്ഠ

തെരുതെരെ  വിളങ്ങും  നവകൃതരത്നം

തെരുവുകളിലെങ്ങും തിരുതക്രതിയായി,

പുരുമഹിമ  താണും പരിഭവമിയന്നും

മരുവി  വിലയേറും മണികൾ മറയാറായ്.

നയ, മരിയ സത്യ, ദയ, പരഹിതത്തിൽ

പ്രിയത  മുതലാകും  ഹൃദയഗുണമെല്ലാം

ഭയമിലുമാറായതിനുടെ  രുപം.

# ഗുരു

നമ്മുടെ  വെളിച്ചമായ് വഴികാട്ടിയായ്

കടന്നുവന്ന്

ദീർഘദൂരം സഞ്ചരിക്കാനുള്ള

കരുത്തേകി

ജീവിതത്തിന് ആത്മബലം നൽകി

വഴികാട്ടിയായ്

സുഹൃത്തുക്കളെ പോലെ കൂടെ നിന്ന്

രക്ഷിതാവിനെ പോലെ ദൈവത്തെ പോലെ

സംരക്ഷിച്ചു....

ഇതാണ് നമ്മുടെ ഗുരു...

ഇതാണ് നമ്മുടെ ഗുരു....

അമയ , റിഫ്ന , ഷിജിലി

**നവകൈയ്യൊപ്പ്**



# ചങ്ങാതി

സ്നേഹം ഇടിക്കും ഹൃദയത്തെ

നീ എനിക്ക് സമ്മാനിച്ചു.

നിൻെറ പുഞ്ചിരിയാണ് എൻെറ ലോകം

ഒരു യന്ത്രത്താൽ പ്രവർത്തിച്ച്

നീ എന്നിലെ നന്മ തിന്മകൾ വേർത്തിരിപ്പിച്ചു.

എൻെറ നിഴൽ പോലെ എന്നെന്നും നീ,

എന്നെ പിൻതുടരും

നീയാണെൻെറ അഭിമാനം

നീയാണെൻെറ വിജയം

-സഫ ഷിറിൻ.കെ



നവകൈയ്യൊപ്പ്

# ദുഷ്ടനായ മകൻ

ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു പയ്യൻ ഉണ്ടായിരുന്നു.അദ്ദേഹത്തിന്റെ അച്ഛൻ വളരെ കഷ്ടപാടു സഹിച്ചാണ് തന്റെ മകനെ വളർത്തിയിരുന്നത്.മകന് മാതാവ് ഇല്ലായിരുന്നു.പക്ഷേ,മകൻ എല്ലാവരേയും കഷ്ടപ്പെടുത്തുകയും ഉപദ്രവിക്കുകയും ചെയ്യുമായിരുന്നു.ഇതു കണ്ട് അച്ഛന് വളരെ സങ്കടമുണ്ടായിരുന്നു.മകൻ വളരും തോറും ദുഷ്ടനാവുകയായിരുന്നു.

ഒരു ദിവസം ആ മകൻ തന്റെ അച്ഛന്റെ പ്രിയ കൂട്ടുകാരനായ സാബിർ എന്നൊരാളെ കണ്ടുമുട്ടി.അദ്ദേഹം വളരെ പണക്കാരനായിരുന്നു.ഒരു ദിവസം രാത്രി ആ മകൻ സാബിറിനെ കാണാൻ പോയി.അന്നു രാത്രി തന്നെ സാബിറിന്റെ വീട്ടിൽ ഒരു കള്ളൻ കയറി സാബിറിന്റെ സ്വത്തുക്കളെല്ലാം മോഷ്ടിച്ചു.പിറ്റേന്നു രാവിലെ സാബിർ

നവകൈയ്യൊപ്പ്

എഴുന്നേറ്റ്

നോക്കിയപ്പോൾ തന്റെ പണവും സ്വത്തുമെല്ലാം ഒരാൾ

മോഷ്ടിച്ചിരിക്കുന്നു

ആ മകനാണെന്ന് സാബിറിന് സംശയം

തോന്നി.അങ്ങനെ സാബിർ പോലീസ് സ്റ്റേഷനിൽ പോയി

പരാതി നൽകി.പോലീസുകാർ ആ മകനെ തല്ലി.അ മകൻ

ഒരു പാഠം പഠിച്ചു.

നസ്‌ല.ടി.

നവകൈയ്യൊപ്പ്

# നവനീതപുഷ്പങ്ങൾ

നിന്നെ കാണാൻ  വിതുമ്പുന്ന മനസ്സുമായ്

എൻ മനസ്സിലെ  പ്രണയ പുഷ്പത്തെ

ഞാൻ കണ്ണീരിനാൽ അലങ്കരിക്കുന്നു

കഴിയില്ലെനിക്കതിനെ ഈ

പ്രപഞ്ചത്തിൽ

തുറന്നുകാണിക്കാൻ........

പ്രപഞ്ചത്തിലെ സർവ്വ

പരിമിതികളെയും



ബന്ധിച്ചു കൊണ്ട് ഒരു നാൾ  ഞാൻ നിന്നിലേക്കടുക്കും

നിന്നെ കാണാത്ത ദിനങ്ങളിൽ ശപിക്കുന്നു

ഞാൻ കാലത്തെ ............

ഭയമാണെനിക്ക്  നീ എന്നിൽ നിന്നും അകലുമെന്ന്

നിന്നെ കാണാത്ത  നിമിഷങ്ങളിൽ എന്തെന്നില്ലാത്ത

ഭയമാണെന്നിൽ..........

പിരിയുവാൻ വയ്യെനിക്കു നിന്നിൽ നിന്നും ഈ ജന്മം

**നവകൈയ്യൊപ്പ്**

*ഇനിയെന്നു കാണും നിന്നെ ഞാൻ*

*ആ ദിനങ്ങൾ തൻ ലാവണ്യം ഓർക്കവേ*

*പൊഴിയാതെ പൊഴിയുന്ന എൻ ഹൃദയത്തിലെ*

*പ്രണയപുഷ്പം.......*

*വിരഹത്തിലും പ്രണയത്തെ പേടിക്കുകയാണ് ഞാൻ*

*എന്തെന്നാൽ കട്ടെടുത്തതിനെ പോലെ ഒളിപ്പിച്ചു*

*വച്ചു ഞാൻ നിൻ പ്രണയം എന്നിട്ടും.......*

*എല്ലാം പരസ്യമാകവേ കുടുംബബന്ധത്തിൽ*

*കരടുവന്നുപതിച്ചു*

*സമൂഹമെന്നെ,എന്റെ പ്രണയത്തെ ഭ്രാന്ത് എന്ന്*

*വിശേഷിക്കവേ എല്ലാവരും അകന്നു എന്നിൽ നിന്നും*

*നീയുമൊന്നും ചൊല്ലാതെ........*

*ഒറ്റപ്പെട്ട എൻ ജീവിതത്തിൽ*

*പഴയ*

*പ്രണയകാല സ്മരണകൾ*

*പുഞ്ചിരിയേകി*



*കൊടിയ ദുഖങ്ങളിലും ഞാൻ പുഞ്ചിരിച്ചു*

*എൻ നിസ്സഹായതയാൽ നഷ്ടപ്പെട്ട*

*പ്രണയത്തേ കയ്യിലേന്തി നീ എന്നെ മറന്നുപോയി*

*നീയാൽ നശിച്ചു പോയെൻ ജീവിതം*

*നിൻ ഓർമകളാൽ വ്രണപ്പെട്ടെൻ ജീവിതം*

*നിന്റെ മൗനത്താൽ മരിച്ചുപോയെൻ ജീവിതം*

*ഇനി ഞാൻ മൃത്യുവിൽ പ്രണയത്തെ തേടുന്നു*

*വ്യർത്ഥമാക്കപ്പെട്ട എൻ ജീവിതം സ്വപ്നങ്ങൾ തൻ*

*വെളിച്ചത്തിൽ..........................*

*സ്മൃതി .പി*

❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑

നവകൈയ്യൊപ്പ്

# വിദ്യാലയം

അറിവിന്റെ ഉറവിടമാണ്

വിദ്യാലയം....

സൗഹൃദങ്ങളുടെ തുടക്കവും

ഒടുക്കവും  ഇവിടം....

ഈ വിദ്യാലയ ജീവിതം എന്നും

ഓർമ്മയായ്.....

*അമയ ,റിഫ്ന, ഷിജിലി*



നവകൈയ്യൊപ്പ്

# പണ്ടത്തെപാട്ടുകൾ

- വൈലോപ്പിള്ളി

നമ്മുട് മാതാവു-കൈരളി-പണ്ടൊരു

പൊന്മണിപ്പൈതലായ് വാണകാലം-

യാതൊരു ചിന്തയുമില്ലാതെ കേവലം

ചേതസി തോന്നിയ മാതിരിയിൽ,

ഏടലർച്ചെങ്കൽച്ചിലങ്ക കിലുങ്ങുമാ-

റോടിക്കളി രസിച്ച കാലം-

പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ

വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ

പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ

പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം.

# നവകൈയ്യൊപ്പ്

# KALOLSAVAM



നവകൈയ്യൊപ്പ്

# പാവം അമ്മു തത്ത

ഒരിടത്തൊരു കാട്ടിൽ രണ്ട് തത്ത സഹോദരിമാർ താമസിച്ചിരുന്നു.ദുഷ്ടയായിരുന്ന കിങ്ങിണി തത്ത അമ്മു തത്തക്ക് ഭക്ഷണമോ വെള്ളമോ ഒന്നും കൊടുക്കില്ല.പക്ഷെ അമ്മു തത്തക്ക് ഒരു പരാതിയുമില്ലായിരുന്നു.ഒരു ദിവസം അവർ തീറ്റതേടി പോയപ്പോൾ കിങ്ങിണി തത്ത പറഞ്ഞു:



"അവിടെ അതാ കുറേ പയറു മണികൾ കിടക്കുന്നു. ഇതെല്ലാം പെറുക്കിക്കേ."അമ്മു തത്ത എല്ലാം പെറുക്കി സഞ്ചിയിലിട്ടു.എന്നിട്ട് അതെടുത്ത് വീട്ടിൽ കൊണ്ടു പോയി.എന്നിട്ട് കിങ്ങിണി തത്ത പറഞ്ഞു:

"ഇതെല്ലാം എടുത്ത് വച്ചേക്ക്.ഒന്നു പോലും എടുക്കരുത്.ഞാൻ വന്നിട്ട് അളന്നു നോക്കും."

എന്ന് പറഞ്ഞ് കിങ്ങിണി പറന്നു പോയി.

നവകൈയ്യൊപ്പ്

അമ്മു എല്ലാം വറുത്തു.പിന്നീട് കിങ്ങിണി എണ്ണിയപ്പോൾ

കുറച്ചേ ഉള്ളൂ.അപ്പോൾ കിങ്ങിണി ദേഷ്യപ്പെട്ടു

പറഞ്ഞു:കള്ളി,നീ എന്റെ വാക്കുകൾകേട്ടില്ല,ഞാൻ പറഞ്ഞത്

അനുസരിച്ചില്ല."

എന്ന് പറഞ്ഞു.അമ്മുവിനെ കൊത്തി കൊത്തി കിങ്ങിണി

കൊന്നു.കുറച്ചു ദിവസം കഴിഞ്ഞു.അപ്പോൾ തീറ്റ തേടി

പോയപ്പോൾ കുറേ പയറു മണികൾകണ്ടു.അതെല്ലാം

പെറുക്കി എടുത്തു വറുത്തു.എന്നിട്ട് അളന്ന് നോക്കിയപ്പോൾ

കുറച്ചേയുള്ളൂ.അപ്പോൾ കിങ്ങിണി പറഞ്ഞു.

"എനിക്കറിയില്ലായിരുന്നു വറുക്കുമ്പോൾ

കുറയുമെന്ന്.ഞാൻ എന്റെ അമ്മുവിനെ കൊന്നു."

എന്ന് പറഞ്ഞ് അവൾ കരഞ്ഞു.

*റിഷ രജീഷ്*

## നവകൈയ്യൊപ്പ്



# ഇലക്ഷൻ ചൂടിൽ സെന്റ് ജെമ്മാസ്



# EVER READY





നവകൈയ്യൊപ്പ്

# പുതുതീരങ്ങൾ

ജീവിതവും മരണവും നമ്മെ ഓരോ വഴിത്തിരിവിലേക്കാണ് നയിക്കുന്നത് ഒരാൾ മരിക്കാൻ ആഗ്രഹിക്കുമ്പോൾ മറ്റൊരാൾ ജീവിതമാണ് ആഗ്രഹിക്കുന്നത്.ഓരോ രാത്രിയും ഓരോ പകലും മനുഷ്യൻ ജനിക്കുകയും മരിച്ച് വീഴുകയും ചെയ്യുന്നു.

ജീവിതമെന്ന മധുപാത്രം മരണം മോന്തിക്കുടിക്കുന്നു.

ഇങ്ങനെ മരണത്തിന്റെയും ജീവിതത്തിന്റെയും സങ്കൽപ്പങ്ങൾ കേൾക്കാം.ജീവിതം പറഞ്ഞു:-യേ,മരണമേ നിന്റെ കൊടും ശിക്ഷകളെക്കാൾ നല്ലത് ഞാൻ അവർക്ക് നൽകുന്ന ജീവിതമാണ്.മരണം അട്ടഹസിച്ചു:-ശിക്ഷകൾ കഴിഞ്ഞ് ഞാൻ സ്വർഗ്ഗമെന്ന പൂങ്കാവനത്തെ അവർക്ക് പകർന്ന് നൽകുന്നുണ്ട്.രണ്ടു പേരും ഇത് സമ്മതിച്ചില്ലെങ്കിലും ജീവിതവും മരണവും ഒരു സത്യമാണ്.നമ്മെ നയിക്കുന്ന പുതു വഴികൾ

സിദാന.സി.കെ

**നവകൈയ്യൊപ്പ്**


മഹാ
പ്രളയത്തിലൂടെ

# വർക്ക് എക്സ്
# പീരിയൻസ്



നവകൈയ്യൊപ്പ്



**നവകൈയ്യൊപ്പ്**



നവകൈയ്യൊപ്പ്

# പ്രളയം

കേരളത്തിലാകേ ഉഴുതുമറിച്ച പ്രളയം വരവായ്....

പ്രളയത്തിനു പിന്നാലെ ഉരുകുന്ന വരൾച്ച വരവായ്....

തോരാത്ത മഴ വന്നപ്പോഴും

തളരാത്ത മനസ്സോടെ നാം ഒത്തുചേർന്നു....

ഒത്തുച്ചേർന്നാദിനങ്ങൾ നമ്മുടെ ഉള്ളിൽ



ഭീതീയുടെ

ആഴക്കടലിലേക്കു

ഊഴന്നിറങ്ങുന്ന

ഓർമ്മയായ് നിലനിന്നു...

ആ നിലനിൽപ്പിനുണ്ടായിരുന്നാത്മ വിശ്വാസം

വേറെന്തിനുണ്ട്...

ആ ദിനങ്ങൾ മുസിലിമും,ഹിന്ദുവും,ക്രിസ്ത്യനും ഒന്ന്...

ആ ദിനങ്ങൾ ധനികനും ദരിദ്രനും  ഒന്ന്...ഫാത്തിമ ഷിജിലി .

## ഭയങ്കരം

“നിങ്ങളുടെ പ്രയോഗം തെറ്റ്....തെറ്റ്....തെറ്റ്.

ഭയങ്കരം ഭയം അങ്കുരിപ്പിക്കുന്നത് എന്നതാണ്

അർത്ഥം.നിങ്ങളുടെ പ്രയോഗം ഭാഷാപരമായി

തെറ്റാണ് ."

...............................................................................

# പ്രളയ വേദന



ആകാശമേ, നിൻ കണ്ണീർ നീ
ഭൂമിക്കു നൽകവേ
ഭൂമി കാലമായ്
ഏറ്റു വാങ്ങുന്ന ആ കണ്ണീർ
ഒരു വിഷാദമായ് മനസിൽ
ആഴങ്ങളിൽ ചലനം സൃഷ്ടിക്കവേ
ഭൂമി തൻ തീവ്ര പ്രണയം
ആദ്യമായ് പ്രകടിപ്പിക്കവേ അതിൽ
തീവ്രതയിൽ ഹോമമായത്
ഒരായിരം മനുഷ്യ ജന്മങ്ങൾ
തൻ കിനാവുകൾ
ജീവിത ജന്മത്തിൻ സാഫല്യത്തിനായ്
പ്രയത്നിക്കും.
ഒരായിരം മനുഷ്യജന്മങ്ങൾ
തൻ കിനാവുകൾ
കണ്ടു കൊതി തീർന്നില്ല
ആകാശമേ നിൻ കണ്ണീർ നീ
ഭൂമിക്കു നൽകവേ

-അർച്ചന.പി.ജെ

നവകൈയ്യൊപ്പ്

# ലഹരി വിരുദ്ധ ദിനം







# സഹായഹസ്തവുമായ് സെന്റ് ജെമ്മാസ് കുടുംബം







നവകൈയ്യൊപ്പ്

# മരണത്തിന് മുന്നിലെ വെളിച്ചം

മരണം എന്റെ വാതിൽ മുട്ടാൻ തുടങ്ങി...

മരണം എന്നെ മാടി വിളിക്കാൻ തുടങ്ങി...

മരണം എത്തുന്ന നേരത്ത് ഞാൻ

ആഗ്രഹിക്കുന്നു നീയും എന്റെ കൂടെ ഉണ്ടാകണം.

മരണത്തിന്റെ പടി വാതിൽക്കൽ നിൽക്കുമ്പോൾ

ഞാൻ ആഗ്രഹിക്കുന്നു സ്നേഹം നൽകാൻ

ഒരു തുള്ളി വെള്ളം  നൽകാൻ

ഒരു കൈപിടിക്കാൻ നീ ഉണ്ടാകണം എന്ന്

ഞാൻ നിന്റെ കഴുത്തിൽ താലികെട്ടിയ

നിമിഷം മുതൽ നീ എന്റെ  മാത്രം....

നവകൈയ്യൊപ്പ്

അന്നു മുതൽ  നീ എന്റെ  ജീവിതത്തിന്റെ വെളിച്ചം

ഇന്നു ഞാൻ ആ വെളിച്ചത്തിന്റെ അരികിലെത്താൻ

ആഗ്രഹിച്ചു.............

മരണമെന്ന ഇരുൾ വഴി എന്നെ മൂടുമ്പോൾ

വെളിച്ചമേകാൻ നീയില്ലല്ലോ... പ്രിയതമേ....

സ്വയം ഞാൻ വെളിച്ചമേകാൻ ശ്രമിക്കും

കാരണം,നാളെ എന്ന പടി വാതിൽ എന്റെ മുന്നിൽ തുറക്കും

അതിൽ ഞാൻ സ്വയം വെളിച്ചമേകും.....

.....................................................................................

# മഴ

മഴക്കാലം വന്നല്ലോ....
മഴക്കാർ വന്നല്ലോ....
മഴയായ് പെയ്യാതെ
മാനത്തു നിന്നല്ലോ.

കുളങ്ങളും തോടും
കാത്ത് കിടന്നല്ലോ
കളകളമൊഴുകാൻ
പുഴയും കൊതിച്ചല്ലോ



മാറുന്നു മാനുജൻ
ചെയ്തികൾ നിമിത്തം
മഴക്കാലം പോയല്ലൊ
മഴക്കാറ് പോയല്ലൊ

ചെടികൾ കരിഞ്ഞല്ലോ
പ്രകൃതി കരഞ്ഞല്ലോ
വാടി കിടന്നവ-
കണ്ണീരൊഴുക്കുന്നു.

-ഫാത്തിമ മിന്നത്ത്.

നവകൈയ്യൊപ്പ്

# ലഹരിയുടെ

# അടിമകൾ

അടിമകൾ നമ്മൾ ലഹരിക്കു മുന്നിൽ....

പറയാമോ നിങ്ങൾക്കല്ലെന്ന കാര്യം.

ഇല്ലെന്നറിയാമെങ്കിലും ഞാൻ

ചോദിച്ച് പോകുമോരോ മനുഷ്യനും

മദ്യം,പുകവലി,മയക്കു

മരുന്നുകൾ


ആക്രമ ശൈലി

ഉയർത്തിയിരിക്കുന്നു.



മരണമെന്നുള്ളത് ഭീതിയിലാക്കും.

**നവകൈയ്യൊപ്പ്**



Please help me?
Say not to child labour
Say Not to child Labour....

നവകൈയ്യൊപ്പ്

# വിഹായസ്സ്

മയിൽ നൃത്തമാടി മാനം-

കറു കറുത്തു.

വേനൽ കടന്നു ,മഞ്ഞും-

കടന്നു മഴത്തുള്ളി പൊഴിക്കുന്നു.

എൻ പ്രിയ നാടേ....

എൻ പ്രിയ നാടേ....

വർണപ്പകിട്ടാർന്ന വാടിയിൽ

വർണശബളാപമായി പൂർവ്വ-

ജന്മജന്മാന്തരങ്ങൾ തീർത്ത്

നിർമ്മിച്ചതാണീ ഓരോ പ്രകൃതി-

തൻ വിസ്മയങ്ങളും.

ആർദ്രാനുരാഗം തീർത്ത

വർണനീർച്ചാർത്തിൽ,

ആടിയുലയുന്നു പുൽനാമ്പുകൾ.

ആദിത്യ.ടി

**നവകൈയ്യൊപ്പ്**



നവകൈയ്യൊപ്പ്


# സുഹൃത്ത് ബന്ധം

എന്നോടോപ്പം വിദ്യാലയ പടിവാതിലും കടന്നവൾ

ഒരേ ബെഞ്ചിൽ ഇരുന്ന് പഠിച്ചു ഞങ്ങൾ

ഒരു ചോറ്റുപാത്രത്തിൽ ഒരുമിച്ചുണ്ടവർ

ഞങ്ങൾ



ഓർക്കുന്നു നിന്നെ പിരിഞ്ഞ

നാളുകൾ

വികൃതിയും കുറുമ്പും കാണിച്ചു

വെങ്കിലും നമ്മൾ

സുഹൃത്തുക്കൾ ഒരിക്കലും പിരിയില്ല നമ്മൾ.

എന്നും കൈകോർക്കും ഒരുമിച്ച് നിൽക്കു സ്നേഹത്താൽ ഒരു

സൗഹൃദ ബന്ധം.

-ആദിത്യ

## നവകൈയ്യൊപ്പ്



നവകൈയ്യൊപ്പ്

# സൗഹൃദം

പ്രണയത്തിൽ ചിലർ  സന്തോഷം കണ്ടെത്തുമ്പോഴും ഞാൻ

അതിനെ

വെറുക്കുകയും



സൗഹൃദത്തിൽ

വിശ്വസിക്കുകയും

ചെയ്യുന്നു.

കാരണം  സൗഹൃദം  സത്യമാണ്, സത്യം സൗഹൃദമാണ്.

അത് ദൈവത്തിൽ നിന്നുള്ള വരദാനമാണ്.

റിദ  ഫാത്തിമ

..........................................................................

നവകൈയ്യൊപ്പ്

# സൗഹൃദം ആദ്യ  പാഠം

സൗഹൃദം  അത്  വെറും  മൂന്നക്ഷരമല്ല  ആത്മാവിന്റെ ,

മനസ്സിന്റെ ആഴങ്ങളിലുള്ള  ഒരു  പ്രതിഭാസമാണ്.

അതിനാൽ നാം എല്ലാവരും നമ്മുടെ കൂട്ടുകാരിയെ

ആത്മാർത്ഥമായി സ്നേഹിക്കുക.

റിയ .എസ്

........................................................................................................

നവകൈയ്യൊപ്പ്

# ഒത്തൊരുമ

ഒരു ദിവസം അപ്പുവും അമ്മുവും അവരുടെ കൂട്ടുക്കാരും സ്കൂളിലേക്ക് പോയിവരികയായിരുന്നു . അമ്മു പറഞ്ഞു , ടീച്ചർ പറഞ്ഞത് ഓർമ്മയില്ലേ ? തെർമോകോൾ കൊണ്ട് താജ് മഹലുണ്ടാക്കി കൊണ്ടുവരാനല്ലെ ടീച്ചർ പറഞ്ഞത് ?



അപ്പു പറഞ്ഞു , ഞാൻ തനിയെ ഒരു താജ് മഹലുണ്ടാക്കും . അവരുടെ കൂട്ടക്കാർ പറഞ്ഞു ,ടീച്ചർ നമ്മളെല്ലാരെയും ഗ്രൂപ്പായി തിരിച്ചിട്ടില്ലെ ? നമ്മളെല്ലാവരും ഒരു ഗ്രൂപ്പല്ലെ അതുകൊണ്ട് നമുക്ക് ഒരുമിച്ചുണ്ടാക്കാം . അപ്പൂ അത് നിനക്ക് തനിയെ ഉണ്ടാക്കാൽ സാധിക്കില്ല . അതൊക്കെ എനിക്ക് ചെയ്യാൻ കഴിയും എന്ന് പറഞ്ഞ് അപ്പു വീട്ടിലേക്ക് ഓടി . അമ്മുവും കൂട്ടുക്കാരും വലിയ തെർമോക്കോൾ കൊണ്ട് താജ് മഹൽ ഉണ്ടാക്കി . പിറ്റേന്ന് അപ്പു നേരത്തെ ക്ലാസിൽ എത്തി . ടീച്ചർ

നവകൈയ്യൊപ്പ്

അപ്പുവിന്റെ താജ് മഹൽ കണ്ട് അവനേ കുറേ വഴക്കു പറഞ്ഞു . ഗ്രൂപ്പിൽ അമ്മുവിന്റേതായിരുന്നു ഏറ്റവും നല്ലത് . ടീച്ചർ അമ്മുവിന്റെ കൂട്ടുകാരെ പ്രശംസിച്ചു . അപ്പുവിന് പിന്നെയാണ് മനസ്സിലായത് ഒത്തൊരുമയുടെ നന്മ .

..............................................................................

നവകൈയ്യൊപ്പ്

# രാത്രിയിലെ മൂങ്ങ




അന്തിയുറങ്ങുന്ന നിലാവിൽ
കാത്തിരിക്കും മൂങ്ങ
നമ്മുടെ സഞ്ചാരം
മൂങ്ങയറിയുന്നു
മൂങ്ങയറിയാൻ ഇടയില്ലാതെ
വിഷമിക്കുന്നില്ല..........
*മായാമറിയം ചാർത്തിവരുന്നു*

.............................................................

നവകൈയ്യൊപ്പ്

# സാഹിത്യ സുൽത്താനെ

# ഓർമിക്കുമ്പോൾ



<u>വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രധാന കൃതികൾ</u>

*ബാല്യകാലസഖി

*പാത്തുമ്മായുടെ ആട്

**നവകൈയ്യൊപ്പ്**

*പ്രേമലേഖനം

*മതിലുകൾ

*ശബ്ദങ്ങൾ...............

മലയാളസാഹിത്യത്തിൽ ഒരേയൊരു സുൽത്താനേയുള്ളു.ഭാഷയുടെയും വ്യാകരണത്തിന്റെയും വേലിക്കെട്ടുകൾ പൊളിച്ചെഴുതി മലയാളസാഹിത്യത്തെ സാധാരണക്കാരന്റെ ജീവിതത്തോട് ചേർത്തു നിർത്തിയ ബേപ്പൂർ സുൽത്താനെന്ന വൈക്കം മുഹമ്മദ് ബഷീർ. ആ സാഹിത്യസുൽത്താന്റെ ജന്മദിനമാണിന്ന് .ജനുവരി 19. മലയാള സാഹിത്യത്തിലെ വിസ്മയമായിത്തീർന്ന ബഷീറിന്റെ ജന്മദിനത്തിൽ തന്നെ ഈ പുസ്തകം  പ്രകാശനം ചെയ്യുവാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് ഏറെ ചാരിതാർത്ഥ്യമുണ്ട്.

സാധാരണക്കാരിൽ സാധാരണക്കാരനായ നാട്ടുമനുഷ്യന്റെ പച്ചഭാഷയിലുള്ള ഹാസ്യാത്മകമായ അദ്ധേഹത്തിന്റെ രചനകൾ വായനക്കാരനെ ഒരുപോലെ

**നവകൈയ്യൊപ്പ്**

ചിരിപ്പിക്കുകയും, ചിന്തിപ്പിക്കുകയും, കരയിപ്പിക്കുകയു

ചെയ്തു. അതായിരുന്നു ആ തുലികയുടെ ശക്തിയും.ബഷീർ

വിടപറഞ്ഞെങ്കിലും അദ്ദേഹത്തിന്റെ രചനകളെല്ലാം

പുറത്തിറങ്ങിയ അതേ പുതുമയോടെ തന്നെ ഇന്നും

വായിക്കപ്പെടുന്നു.

കാരണം അവ ഓരോന്നും ഓരോ

പാഠപുസ്തകങ്ങളാണ്.ജീവിതം എന്തെന്ന് കാട്ടിത്തരുന്ന

മഹത്തായ പാഠപുസ്തകങ്ങൾ.മഹാനായ എഴുത്തുകാരന്

വലിയ മനുഷ്യനാവാനും കഴിയും എന്നാണ് ബഷീർ തന്റെ

ജീവിതത്തിലുടനീളം തെളിയിച്ചത്.മനുഷ്യനെയും

പ്രകൃതിയെയും ഈശ്വരനെയും സ്നേഹിക്കുന്ന പ്രപഞ്ച

ദർശനമായിരുന്നു അദ്ദേഹത്തിന്.വാക്കുകൾ

ഹൃദയത്തിലേക്കു നേരിട്ടെത്തുന്ന കഥനശൈലിയാണ്

ബഷീറിനെ കാലങ്ങൾ കഴിഞ്ഞിട്ടും നിലനിർത്തുന്നത്.

വായനയുടെ വിശാലമായ

അഴപ്പരപ്പിലേക്ക് കടന്നുചെന്ന് ബഷീർ എന്ന

പ്രകാശഗോപുരം പോലെ സ്വയം വെളിച്ചമാകാനും

സാഹിത്യത്തിന്റെ മുതൽക്കുട്ടുകളാകുവാനും

നമുക്കോരോരുത്തർക്കും സാധിക്കട്ടെ.

...........................................................

# കണ്ണീർ മഴ

ദുരിതക്കെടുതികളിലാണ്ടു എൻ കേരളം

ദുരിതമഴയിൽ നടുങ്ങി എൻ പ്രിയരും

ദുഃഖവും നഷ്ടവും എന്തെന്നറിഞ്ഞവർ

സ്വാർത്ഥതകളെന്നെന്നുമായ് വെടിഞ്ഞു.

ഉറ്റവർ ഉടയവർ പോയീ, ചിലർക്കതിൽ

മണ്ണു പോയ് കൂടെ അവരുടെ സ്വപ്നവും

കിട്ടിയ പണമെല്ലാം കൂട്ടിയുണ്ടാക്കിയ

വലിയൊരു സൗധം തകർന്നു വീണു.

ധനികനെന്നില്ല, ദരിദ്രനെന്നില്ല

ക്രൂരനാം പേമാരി തന്റെ മുന്നിൽ

വലിയൊരാ പേമാരിയൊരുമിച്ചു നേരിട്ടു

ഒരുമക്കൊരുത്തമോദാഹരണമായ്

**നവകൈയ്യൊപ്പ്**

ദുരിതങ്ങൾ മൂടി നിറഞ്ഞവർക്കായിതാ

കേരളമൊന്നാകെ കൈകൾ കോർത്തു

കേരളമേ ഞാനിതാ നമിക്കു നിൻ മുമ്പിൽ

അഭിമാന പൂരിത ഹൃദയമോടെ!

**നജ്ഷ നജീബ്**

നവകൈയ്യൊപ്പ്

## വേപ്പിലകളിൽ കാറ്റ്

നഗരമധ്യത്തിന്റെ വീർപ്പുമുട്ടലുകൾക്ക് അസ്വസ്ഥതകൾ സൃഷ്ടിക്കാൻ കഴിയാത്ത ഒരു കൊച്ചുകൂടാരം.അതാണ് മധുവിന്റെ വീട്.ഇന്ന് മധുവാർക്യസംഘത്തിലെഒരംഗമാണ്.വാർധക്യത്തിന്റെ കൂടപ്പിറപ്പുകളായ മുട്ടുവേദനയും പ്രമേഹവും എല്ലാം അയാൾക്കുണ്ടായിരുന്നു.എങ്കിലും അയാൾക്കതൊരു പ്രശ്നമേ ആയിരുന്നില്ല.എന്നും ഭാര്യയെ വിളിച്ച് രണ്ട് കസേര ഉമ്മറത്തിടീക്കും.വേറൊന്നിനുമല്ല.തൊട്ടടുത്ത മാരിയമ്മൻ കോവിലിൽ ഒരു വേപ്പുമരമുണ്ട്.ചോറവിടെയും കൂറിവിടെയും എന്നപോലെ, അതിന്റെ വേരുകൾ അവിടെയും കാറ്റുവീശുന്ന ശാഖകൾ മധുവിന്റെ വീട്ടിലുമാണ്.ആ നീഹാരശീതളിമ മധുവിന് ഏറെ പ്രിയപ്പെട്ടതായിരുന്നു.

ഏതു കൊടും ചൂടിലും ആ കൊച്ചുവീടിനെ കുളിർപ്പിച്ചിരുന്നത് സുരസയുടെ വായപോലെ വിശാലമായ ആ വേപ്പാണ്

നവകൈയ്യൊപ്പ്

.ആവേപ്പിനെആവീടുമുഴുവൻസ്നേഹിച്ചിരുന്നു.പ്രകൃതിയോട് അൽപ്പംപോലും ബന്ധം പുലർത്താത്ത മധുവിന്റെ പേരക്കുട്ടിപോലും.

പക്ഷേ ഒരാൾക്കുമാത്രം ഇത്തിരി പരിഭവം.അടിച്ചുതുടക്കാൻ വരുന്ന തമിഴത്തിക്ക്.വേപ്പിലയുടെ കുസൃതിയാണ് കാരണം.ഒരു കാറ്റു വീശിയാൽ കാക്കത്തൊള്ളായിരം ഇലയാണ് മുറ്റത്ത്.ഇതൊക്കെ അടിച്ചുവാരിക്കഴിയുമ്പോഴേക്ക് ചംമ്പകം പകുതിയാകും.തലേന്നുരാത്രി മഴയുണ്ടെങ്കിൽ പിന്നെ നോക്കുകയേ വേണ്ട.ഈർക്കിളികളുടെ കൂർത്ത മുനകൾക്ക് മുറ്റത്ത് അള്ളിപ്പിടിച്ചിരിക്കുന്ന ഇലകളെ നീക്കം ചെയ്യുക എന്നത് ഒരു ഭകീരഥപ്രയത്നമാണ്.അതുകൊണ്ടുതന്നെ അടുക്കളയിലെ പാത്രങ്ങളുടെ കലമ്പലിനൊപ്പം ചെമ്പകത്തിന്റെ പരാതികളും ഉയർന്നു.

"അമ്മാ എന്നമ്മാ ഇത്?എന്നാല് മുടിയലെ."

ആ പരാതികൾ ഒടുവിൽ മധുവിന്റെ മുന്നിലുമെത്തി.

"ഇങ്ങനെ പൂവ്വാണെങ്കില് അവള് പണി നിർത്തിപ്പോകും.പിന്നെ ഇപ്പൊ മര്യാദക്ക് ചെയ്യണ പണീംകൂടി ഇല്ലാതാവും.എന്നെക്കൊണ്ടിതുമുഴുവൻ ചെയ്യാൻ പറ്റില്ല."

"അതിനിപ്പൊ ഞാനെന്താ വേണ്ടത്?"

നീണ്ട മൗനത്തെ തല്ലിത്തകർത്തുകൊണ്ട് മധു ചോദിച്ചു.

"മോഹന്റെ കടേടെമുമ്പിലുള്ള ആ പ്ലാവ് മുറിക്കാൻ നാളെ ആള് വര്ണ്ണ്ടല്ലോ.അപ്പൊ അവരോട് ഇങ്ങട് ചാഞ്ഞ്നിക്കണ വേപ്പിന്റെ കൊമ്പുകൂടി വെട്ടാൻ പറഞ്ഞൂടെ?"

അയാൾ ഭാര്യയുടെ മുഖത്തേക്ക് നിസ്സഹായതയോടെ നോക്കി.തന്റെ ഉള്ളിലെ ഏതോ ഒരു കോണിൽ നിന്നും ഭയങ്കരമായ ഒരു നിലവിളി ഉയരുന്നത് അയാൾ കേട്ടു. എന്തേ മനസ്സിങ്ങനെ പിടയാൻ?എന്നാലും ഇത്രയും കാലം വീടിനെ തണുപ്പിച്ചു നിർത്തിയ ഈ മഹാവൃക്ഷത്തിന്റ കൈകളെ അറുത്തുമാറ്റാൻ തനിക്കു കഴിയുമോ? ഈ ചോദ്യം അയാളുടെ ഹൃദയത്തിന്റെ ഉള്ളറകളിൽ എവിടെയോ നുരഞ്ഞുപൊന്തി.

പിന്നെ ആ ദിവസം മുഴുവൻ അയാൾക്ക് ഈയൊരു

ചിന്ത മാത്രം.ആ രാത്രി അയാൾ ഉറങ്ങിയില്ല.തിരിഞ്ഞും മറിഞ്ഞും കിടന്നു.രാവിലെ സൂര്യന്റെ ആദ്യരശ്മികൾ തട്ടി അയാൾ എഴുന്നേറ്റു.പതിവുപോലെ തന്റെ ചാരുകസേരയിൽ ഇരിപ്പുറപ്പിച്ചു. വരകളുള്ള തന്റെ വലിയ ഗ്ലാസിൽ ഭാര്യ കാപ്പിയുമായെത്തി.വരണ്ട തൊണ്ടയിലൂടെ ചൂടുകാപ്പിയിറങ്ങിയപ്പോൾ വീണ്ടും ആ വേപ്പ് മനസ്സിൽ ഒരു നീറ്റലായി.

എന്തുചെയ്യണം?അറിയില്ല. മനുഷ്യസ്നേഹവും പ്രകൃതിസ്നേഹവും തമ്മിലുള്ള ഒരു യുദ്ധഭൂമിയായി അയാളുടെ മനസ്സ്.ഒടുവിൽ പ്രകൃതിയുടെ തലയറുത്തെടുത്ത് മനുഷ്യസ്നേഹം വിജയിക്കുകയായി.തന്റ ഭാര്യതന്നെ വലുക് എന്ന്മനസ്സിലുറപ്പിച്ചുകൊണ്ട് മരം വെട്ടുകാരുടെനേരെ നടന്നു.കാലുറക്കുന്നില്ല.കണ്ണിൽനിന്ന് ചൂടാവി പറക്കുന്നതുപോലെ അയാൾക്ക് തോന്നി. മരം വെട്ടുകാരോട് അയാൾ കാര്യം പറഞ്ഞു.വീട്ടിൽ ചെന്നു കയറി പിന്നീട് തന്റെ പുസ്തകങ്ങൾക്കിടയിലിരുന്നു.

“മധ്വേട്ടാ ഇങ്ങട് വര്വാ.”ഉമ്മറത്തുനിന്നൊരു വിളി.

“ഇവിടെ ദാ മരം വെട്ടുണു.”

മധു അനങ്ങിയില്ല.അവിടെത്തന്നെയിരുന്നു.തനിക്കു കാണാൻ കഴിയില്ല എന്ന് അയാൾക്കറിയാം.മൗനമായൊരു മാപ്പ്. അത്രമാത്രമാണയാൾക്ക് ചെയ്യാൽ കഴിയുന്നത്.ആ വേപ്പുമരത്തിന്റെ ശാഖകൾ ഒന്നൊന്നായി നിലം പതിച്ചു.

“ഹാവൂ.”

ചെമ്പകത്തിന്റെ നെടുവീർപ്പ് അവിടെ മുഴുവൻ നിറഞ്ഞു.തീറ്റതേടിപ്പോയ പക്ഷികൾ മടങ്ങി വന്ന് തങ്ങളുടെ വീട് തകർന്നതറിഞ്ഞ് സ്തബ്ധരായി നിന്നു.അങ്ങനെ നിത്യയൗവനയുക്തയായ ആ മഹാവൃക്ഷത്തിന്റെ ഓരോ ഭാഗങ്ങളായി അറുത്തിടപ്പെട്ടു.

കാലത്തിന്റെ താളുകൾ ഓരോന്നായി മറിഞ്ഞുകൊണ്ടിരുന്നു. അടുത്ത വേനൽക്കാലമെത്തി.മകളും മരുമകനും പേരക്കുട്ടിയും മധുവും ഭാര്യയുമൊരുമ്മിച്ച് ഉമ്മറത്തിരിക്കുകയാണ്.

**നവകൈയ്യൊപ്പ്**

"അച്ഛാ എന്തൊരു ചൂടാവ്ടെ.സഹിക്കാൻ വയ്യ."

മകളുടെ അസ്വസ്ഥത അയാൾ അറിഞ്ഞു.മറുപടി ഒന്നും പറഞ്ഞില്ല.ഒന്നു ചിരിച്ചു ഒരു പരിഹാസച്ചിരി. അത്രമാത്രം.

മുന്നിൽ ഒരു വലിയ വിടവ്.സായ്‌വിന്റെ വലിയ പൂക്കട കാണും വിധംവീതിയുണ്ട് ആ വിടവിന്.ആ വിടവിലെ ശൂന്യതയിൽ എത്തിയ കാറ്റ് വീശാൻ തുടങ്ങി.

'''ശുഭം......

**(രചന: ഗാഥ .കെ,പത്താം ക്ലാസ് വിദ്യാർത്ഥിനി)**

**മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചത്**

നവകൈയ്യൊപ്പ്

.....*E*.....

.....*N*.....

.....*G*.....

.....*L*.....

.....*I*.....

.....*S*.....

.....*H*.....

നവകൈയ്യൊപ്പ്

# THE POOR GHOST.....

"Oh whence do you come, my dear friend, to me,
With your golden hair all fallen below your knee,
And your face as white as snowdrops on the lea,
And your voice as hollow as the hollow sea?"

"From the other world I come back to you,
My locks are uncurled with dripping drenching dew.
You know the old, whilst I know the new:
But tomorrow you shall know this too."

"Oh not tomorrow into the dark, I pray;
Oh not tomorrow, too soon to go away:
Here I feel warm and well-content and gay:
Give me another year, another day."



"Am I so changed in a day and a night

That mine own only love shrinks from me with fright,

Is fain to turn away to left or right

And cover up his eyes from the sight?"

"Indeed I loved you, my chosen friend,

I loved you for life, but life has an end;

Thor' sickness I was ready to tend:

But death Mars all, which we cannot mend.

"Indeed I loved you; I love you yet

If you will stay where your bed is set,

Where I have planted a violet

Which the wind waves, which the dew makes wet."

"Life is gone, then love too is gone,

It was a reed that I leant upon:

Never doubt 1 will leave you alone

And not wake you rattling bone with bone.

"I go home alone to my bed,

Dug deep at the foot and deep at the head,

Roofed in with a load of lead,

Warm enough for the forgotten dead.

"But why did your tears soak  the clay,

And why did your sobs wake me where I lay?

I was away, far enough away:

Let me sleep now till the Judgement Day."

..........................................................................................

നവകൈയ്യൊപ്പ്

# THE FROG

Contemptuous of his home beyond
The village and the village pond,
A large sou-led Frog who spurned each bye way,
Hopped along the imperial highway.



Nor grunting pig nor barking dog
Could disconcert so great a frog.
The morning dew was lingering yet
His sides to cool, his tongue to wet;
The night dew when the night should come
A travelled frog would send him home.

Not so, alas! the wayside grass
Sees him no more: - not so, alas!

A broad wheeled wagon unawares
Ran him down, his joys, his cares.
From dying choke one feeble croak
The Frog's perpetual silence broke:
"Ye buoyant Frogs, ye great and small,
Even I am mortal after all.
My road to Fame turns out a wry way:

I perish on this hideous highway,-

Oh for my old familiar bye way!"

The choking Frog sobbed and was gone:

The Wagner strode whistling on.

Unconscious of the carnage done,

Whistling that Wagner strode on,

Whistling (it may have happened so)

"A Foggy would a-wooing go:"

A hypothesis frog trolled he

Obtuse to a reality.

O rich and poor, O great and small,

Such oversights beset us all:

The mangled frog abides in cog,

The uninteresting actual frog;

The hypothesize frog alone

Is the one frog we dwell upon.

.........................................................................................................

# THE HIGH WAY MAN

The wind was a torrent of darkness among the gusty trees,

The moon was a ghostly galleon tossed upon cloudy seas,

The road was a ribbon of moonlight over the purple moor,

And the highwayman came riding--

Riding--riding--

The highwayman came riding, up to the old inndoor.

He'd a French cocked-hat on his

forehead, a bunch of lace at his chin,

A coat of claret velvet, and breeches of

brown doeskin;

They fitted with never a wrinkle: his

boots were up to the thigh!



And he rode with a jewelled twinkle,

His pistol butts a-twinkle

His rapier hilt a-twinkle, under the jewelled sky.

Over the cobbles he clattered and clashed in the dart inn-yard,

And he tapped with his whip on the shutters, but all was locked and barred;

He whistled a tune to the window, and who should be waiting there

But the landlord's black-eyed daughter,

Bess, the landlord's daughter,

**നവകൈയ്യൊപ്പ്**

Plaiting a dark red love-knot into her long black hair.

And dark in the dark old inn-yard a stable-wicket creaked

...............................XXXXXXXXXXXX................................


# BAND MELAM




# മികവുകൾ



# അഭിനന്ദനങ്ങൾ





**കലോൽത്സവങ്ങളിൽ നിരവധി തവണ സ്വന്തം മികവ് തെളിയിച്ച "ഗോപിക പി"-ക്ക് അഭിനന്ദനങ്ങൾ.**

നവകൈയ്യൊപ്പ്

## ഐ.ടി മേഖലയിൽ വികസനത്തിലേക്ക് കുതിച്ച് സെൻ്റ് ജെമ്മാസ്




**മലപ്പുറം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറി സെൻ്റ് ജെമ്മാസ് സ്ക്കൂളിനായി സംഭാവന ചെയ്ത കംപ്യൂട്ടർ ഹെഡ്മിസ്ട്രസ് സിസ്റ്റർ ലുസീന ഏറ്റുവാങ്ങുന്നു.**

.....................................................................

# മാഗസിൻ പ്രദർശനം



**പ്രളയ ദുരിതത്തോടു അനുബന്ധിച്ച് വിദ്യാർത്ഥികൾ ഒരുക്കിയ "മഹാ പ്രളയത്തിലൂടെ" എന്ന മാഗസിൻ അസ്സംബ്ലിയിൽ വെച്ച് ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ ലുസീന പ്രകാശനം ചെയ്യുന്നു.**



നവകൈയ്യൊപ്പ്




# Proud Moments

# ലിറ്റിൽ കൈറ്റ്സ്



# little kites camp: from ST.Gemma's



നവകൈയ്യൊപ്പ്

# ആദരാഞ്ജലികൾ



അകാലത്തിൽ
മരണപ്പെട്ട ഞങ്ങളുടെ
കൂട്ടുകാരി നജ്മയ്ക്ക്
ഒരായിരം പൂച്ചെണ്ടുകൾ
അർപ്പിക്കുന്നു.....



# നന്ദി

നവകൈയ്യൊപ്പ്........ഈ യാത്രയിൽ ഒരുപാട് അനുഭവങ്ങളുണ്ട്,ഈ കഷ്ടപ്പാടിൽ ഒരു വിയർപ്പിന്റെ മണമുണ്ട്.ഈ വിയർപ്പിന്റെ ഗന്ധത്തെ അസഹ്യം എന്നു പറയാതെ എല്ലാവരും ഒത്തൊരുമിച്ച്,പ്രയത്നിച്ച് ഇതാ ഒരു മാഗസിന്റെ അവസാന ഘടത്തിലേക്ക് നമ്മൾ കുതിക്കുന്നു.

*ഏതൊരു വിജയത്തിന്റെ പിന്നിലും ഒരു പ്രയത്നത്തിന്റെ കഥ പറയാനുണ്ട്. ഇവിടെയും അതുപോലെ തന്നെ,പരിമിതികൾ ഏറെയുണ്ടെങ്കിലും, ഒരു മനസ്സിൽ നിന്ന്,പുതിയ കാഴ്ചകൾ കാണിച്ചു തന്ന്,ഞങ്ങളെ പ്രോത്സാഹിപ്പിച്ച അധ്യാപകർക്ക് ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു.*

*പ്രയാസങ്ങളുണ്ടെങ്കിലുംആവശ്യസമയത്ത് ഞങ്ങളോടൊപ്പം ചുക്കാൻ പിടിക്കാൻ കൂടെ നിന്ന മാതാപിതാക്കൾക്കും,എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഒരായിരം നന്ദി.....*